File No.DMA2/344/2021-DMD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.662/2021/DMD തീയതി,തിരുവനന്തപുരം, 28/09/2021

---

പരാമർശം:- സ.ഉ(സാധാ)നം.634/2021/ഡി.എം.ഡി തീയതി 15/09/2021.

ഉത്തരവ്

പരാമർശിത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള കോവിഡ് പോസിറ്റീവ് ആയ/പ്രാഥമിക സമ്പർക്ക പട്ടികയിലുള്ള ജീവനക്കാർ ക്വാറന്റൈൻ ഉപദേശിക്കപ്പെട്ട് 7 ദിവസം കഴിഞ്ഞ് ലക്ഷണങ്ങൾ ഉണ്ടെങ്കിൽ മാത്രം ടെസ്റ്റ് ചെയ്യേണ്ടതുള്ളുവെന്നും ലക്ഷണങ്ങൾ ഇല്ലാത്ത ജീവനക്കാർ കോവിഡ് ടെസ്റ്റിന് വിധേയമാകാതെയും ഓഫീസിൽ ഹാജരാകേണ്ടതാണെന്നും ഉത്തരവാകുന്നു. എന്നാൽ ഏതെങ്കിലും ഗുരുതര രോഗങ്ങൾ / ജീവിത ശൈലീ രോഗങ്ങൾ എന്നിവ ഉള്ളവർ 7 ദിവസത്തിന് ശേഷം രോഗലക്ഷണങ്ങൾ ഇല്ലെങ്കിലും ആർ ടി പി സി ആർ ടെസ്റ്റ് ചെയ്യേണ്ടതും നെഗറ്റീവ് ആണെങ്കിൽ ഓഫിസിൽ ഹാജരാവുകയും പോസിറ്റീവ് ആണെങ്കിൽ ചികിത്സ തേടുകയും ചെയ്യേണ്ടതാണ്

പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര, വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർ, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
പകർപ്പ്:-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ